# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:21.04.2025**

### പ്രധാനവാർത്തകൾ

1. **ഭരണനിർവഹണം, സുതാര്യത, നവീകരണം എന്നിവയിൽ ഇന്ത്യ പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**

2. **സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങൾക്ക് കാസർഗോഡ് തുടക്കമായി ; ഏതു പ്രതിസന്ധിയെയും അതിജീവിക്കാനുള്ള കരുത്താണ് ജനങ്ങളുടെ ഐക്യവും, നാടിൻറെ ഒരുമയുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

3. **വയനാട് പരൂർകുന്ന് പുനരധിവാസ മേഖലയിലെ 123 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പുതിയ വീടൊരുങ്ങി; താക്കോൽ കൈമാറ്റം നാളെ മുഖ്യമന്ത്രി നിർവഹിക്കും.**

4. **മുതലപ്പൊഴി അഴിമുഖത്തെ മണൽ നീക്കം സംബന്ധിച്ച് പ്രതിഷേധം രൂക്ഷം.**

5. **ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് - ഗുജറാത്ത് ടൈറ്റൻസ് പോരാട്ടം. സൂപ്പർ കപ്പ് ഫുട്ബോളിൽ ഗോകുലം കേരള ഇന്ന് ഗോവയെ നേരിടും.**

RNU TVPM

*************************

## പ്രധാനമന്ത്രി - സിവിൽ സർവീസസ് ദിനം

അടുത്ത ആയിരം വർഷത്തെ ഇന്ത്യയുടെ ഭാവി രൂപപ്പെടുത്താൻ കഴിയുന്നതാണ് ഇന്ന് രാജ്യത്ത് നടപ്പാക്കുന്ന നയങ്ങളും, എടുക്കുന്ന തീരുമാനങ്ങളും എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഭരണനിർവഹണം, സുതാര്യത, നവീകരണം എന്നിവയിൽ ഇന്ത്യ പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. 17-ാമത് ദേശീയ സിവിൽ സർവീസസ് ദിനാചരണത്തിന്റെ ഭാഗമായി ന്യൂഡൽഹിയിൽ രാജ്യത്തെ സിവിൽ സർവീസ് ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വിവിധ വിഭാഗങ്ങളിലായി പൊതുഭരണ രംഗത്തെ മികവിനുള്ള പുരസ്കാരങ്ങളും പ്രധാനമന്ത്രി സമ്മാനിച്ചു.

*************************

RNUTVPM

## പ്രധാനമന്ത്രി - സൗദി( ഇൻട്രോ )

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെയും മറ്റന്നാളും സൗദി അറേബ്യ സന്ദർശിക്കും. നാളെ ജിദ്ദയിലെത്തുന്ന പ്രധാനമന്ത്രി സാമ്പത്തിക, പ്രതിരോധ, സാംസ്കാരിക മേഖലയിലെ തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള ചർച്ചകളിൽ പങ്കെടുക്കും. ഇന്ത്യ - സൗദി സൗഹൃദത്തിൽ പുതിയൊരു ചുവടുവയ്പ്പാണ് പ്രധാനമന്ത്രിയുടെ സന്ദർശനമെന്ന് ജിദ്ദയിലുള്ള പ്രവാസി മലയാളിയും മാധ്യമപ്രവർത്തകനുമായ മുസാഫിർ പറഞ്ഞു.

( വോയിസ്...)

*************************

## നാലാം വാർഷികാഘോഷം.. (ഇൻട്രോ)

പ്രകൃതി ദുരന്തങ്ങൾ ഉൾപ്പടെ ഒട്ടേറെ വെല്ലുവിളികൾക്കിടയിലും ജന പിന്തുണയോടെ സംസ്ഥാനത്തെ പുരോഗതിയിലേക്ക് നയിക്കാൻ ഈ സർക്കാരിന് കഴിഞ്ഞതായി മുഖ്യമന്ത്രി പിണറായി വിജയൻ. ജനങ്ങളുടെ ഐക്യം, നാടിൻറെ ഒരുമ

എന്നിവ ഏതു പ്രതിസന്ധിയെയും അതിജീവിക്കാനുള്ള കരുത്തായി മാറിയെന്ന് മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ രണ്ടാം വട്ടം അധികാരത്തിലെത്തിയ മന്ത്രിസഭയുടെ നാലാം വാർഷികാഘോഷങ്ങളുടെയും എന്റെ കേരളം പ്രദർശന വിപണന മേളയുടെയും സംസ്ഥാനതല ഉദ്ഘാടനം കാസർഗോഡ് കാലിക്കടവ് മൈതാനത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

( വോയിസ്... )

വിവിധ മേഖലകളിൽ രാജ്യത്തിന് തന്നെ മാതൃകയാകാൻ കേരളത്തിന് കഴിഞ്ഞതായി മുഖ്യമന്ത്രി പറഞ്ഞു. റവന്യൂമന്ത്രി കെ രാജൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ മന്ത്രിമാരായ കെ എൻ ബാലഗോപാൽ, കെ.കൃഷ്ണൻകുട്ടി, എ.കെ.ശശീന്ദ്രൻ, വി അബ്ദുറഹിമാൻ, രാമചന്ദ്രൻ കടന്നപ്പള്ളി, തുടങ്ങിയവർ പങ്കെടുത്തു.

RNU TVPM

************************

## താക്കോൽ കൈമാറ്റം

വയനാട് പരൂർകുന്ന് പുനരധിവാസ മേഖലയിലെ ഭൂരഹിതരായ 123 പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി നിർമ്മിച്ച വീടിൻറെ താക്കോൽ കൈമാറ്റം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. സർക്കാറിൻറെ നാലാം വാർഷികത്തോട് അനുബന്ധിച്ചാണ് ചടങ്ങ്.

************************

## പാഠപുസ്തക വിതരണം

പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ പ്രകാശനവും സംസ്ഥാനതല വിതരണോദ്ഘാടനവും മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ തിരുവനന്തപുരത്ത് നിർവഹിക്കും. കഴിഞ്ഞവർഷം പരിഷ്കരിച്ച ഒന്ന്, മൂന്ന്, അഞ്ച്, ഏഴ്, ഒമ്പത് ക്ലാസുകളിലെ

പാഠപുസ്തകങ്ങളും ഈ വർഷം പരിഷ്കരിക്കുന്ന രണ്ട്, നാല്, ആറ്, എട്ട് ക്ലാസുകളിലെ പാഠപുസ്തകങ്ങളും ചടങ്ങിൽ വിതരണം ചെയ്യും. പത്താം ക്ലാസിലെ പുതുക്കിയ പാഠപുസ്തകങ്ങൾ ഒമ്പതാം ക്ലാസ് പരീക്ഷ അവസാനിക്കും മുമ്പ് കുട്ടികൾക്ക് നൽകിയിരുന്നു.

************************

## ഡയറിക്കുറിപ്പുകൾ - പ്രകാശനം

ഒന്നാം ക്ലാസ് വിദ്യാർത്ഥികളുടെ തെരഞ്ഞെടുത്ത ഡയറിക്കുറിപ്പുകൾ ഉൾപ്പെടുത്തിയ പുസ്തകവും മുഖ്യമന്ത്രി മറ്റന്നാൾ തിരുവനന്തപുരത്ത് പ്രകാശനം ചെയ്യും. രക്ഷിതാക്കളുടെയും അധ്യാപകരുടെയും പ്രതികരണങ്ങളും പുസ്തകത്തിലുണ്ട്. മുൻ വിദ്യാഭ്യാസ മന്ത്രി എം എ ബേബിയാണ് വിദ്യാകിരണം മിഷൻ പുറത്തിറക്കുന്ന പുസ്തകം പരിചയപ്പെടുത്തുന്നത്.

PNU TVPM

************************

## സഹകരണ എക്സ്പോ

സഹകരണ എക്സ്പോയുടെ മൂന്നാം പതിപ്പിന് തിരുവനന്തപുരത്തു തുടക്കം. കനകക്കുന്നിൽ 10 ദിവസം നീണ്ടുനിൽക്കുന്ന പ്രദർശന വിപണനമേളയുടെ ഔപചാരിക ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ നിർവഹിക്കും.

************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

************************

## മുതലപ്പൊഴി : മന്ത്രി വി ശിവൻകുട്ടി

മുതലപ്പൊഴിയിൽ മത്സ്യത്തൊഴിലാളികളെ തെറ്റിദ്ധരിപ്പിക്കാനും സംഘർഷമുണ്ടാക്കാനും പ്രതിപക്ഷം ഗൂഢാലോചന നടത്തിയതായി മന്ത്രി വി ശിവൻകുട്ടി. നിലവിൽ ലഭ്യമായ ഡ്രഡ്ജറും ജെ.സി.ബികളും ഉപയോഗിച്ച് മുതലപ്പൊഴിയിൽ മണൽ നീക്കം പുരോഗമിക്കുകയാണെന്ന് മന്ത്രി വ്യക്തമാക്കി. തുറമുഖ വികസന പദ്ധതികൾ ആരംഭിക്കുന്നതിനും മണൽ നീക്കം അനിവാര്യമാണെന്ന് മന്ത്രി വാർത്താക്കുറിപ്പിൽ പറഞ്ഞു.

***********************

## പ്രതിഷേധ മാർച്ച്- മുതലപ്പൊഴി

അതേസമയം, മുതലപ്പൊഴി പ്രശ്നത്തിൽ വി ശശി എം എൽ എയുടെ ഓഫീസിലേക്ക് കോൺഗ്രസ് പ്രവർത്തകർ പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു. ഡിസിസി ജനറൽ സെക്രട്ടറി കൃഷ്ണകുമാർ സമരം ഉദ്ഘാടനം ചെയ്തു. വിഷയത്തിലുള്ള നിഷ്ക്രിയത്വം അവസാനിപ്പിക്കണമെന്നും പ്രശ്നപരിഹാരത്തിന് എംഎൽഎ മുൻകൈ എടുക്കണമെന്നും ആവശ്യപ്പെട്ടായിരുന്നു മാർച്ച്.

RNU TVPM

***********************

## മുതലപ്പൊഴി ഡ്രഡ്ജർ-കണ്ണൂർ .. (ഇൻട്രോ)

പ്രതിഷേധങ്ങൾ തുടരുന്നതിനിടെ, മത്സ്യബന്ധന തുറമുഖമായ മുതലപ്പൊഴി അഴിമുഖത്തെ മണൽ നീക്കുന്നതിനായി കണ്ണൂർ അഴീക്കലിൽ നിന്ന് ഡ്രഡ്ജർ പുറപ്പെട്ടു.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

(വോയ്സ്)

***********************

## വികസിത കേരളം കൺവെൻഷൻ

ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പങ്കെടുക്കുന്ന വികസിത കേരളം കൺവെൻഷനുകൾക്കും ജില്ലാ നേതൃയോഗങ്ങൾക്കും തുടക്കമായി. രാവിലെ തൃശൂർ ലുലു ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വികസിത കേരളം കൺവെൻഷൻ നടന്നു. ഉച്ചകഴിഞ്ഞ് തൃശ്ശൂർ കൊടുങ്ങല്ലൂർ എസ് എൻ പുരത്തും കൺവെൻഷൻ നടക്കും. ഇന്ന് മുതൽ അടുത്ത മാസം 10 വരെ യാണ് പരിപാടികൾ. കൺവെൻഷനുകളിൽ ബിജെപിയുടെ **"മിഷൻ 2025"** സംസ്ഥാന അധ്യക്ഷൻ അവതരിപ്പിക്കും.

***********************

## മുഖ്യമന്ത്രി അനുശോചിച്ചു

പീച്ചിയിലെ കേരള വനം വികസന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുൻ ഡയറക്ടറും വിഖ്യാത ജന്തുശാസ്ത്രജ്ഞനുമായ ഡോ.കെ.എസ്.എസ് നായരുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. പരിസ്ഥിതിയെയും ജീവ ലോകത്തെയും കുറിച്ച് ആഴത്തിൽ പഠിക്കുകയും തന്റെ കണ്ടെത്തലുകൾ സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തിയ വ്യക്തിയായിരുന്നു ഡോ.കെ.എസ്.എസ് നായരെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു.

RNU TVPM

***********************

## ഐപിഎൽ ക്രിക്കറ്റ്

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സും ഗുജറാത്ത് ടൈറ്റൻസും ഏറ്റുമുട്ടും. കൊൽക്കത്തയിൽ രാത്രി 7.30 നാണ് മത്സരം.

***********************

## സൂപ്പർ കപ്പ് ഫുട്ബോൾ

സൂപ്പർ കപ്പ് ഫുട്ബോളിൽ ഗോകുലം കേരള ഇന്ന് ഗോവയെ നേരിടും. ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിൽ വൈകിട്ട് 4.30 നാണ് മത്സരം. ഐ ലീഗിൽ മികച്ച പ്രകടനം കാഴ്ച വച്ച അതേ സംഘം തന്നെയാകും ഗോകുലത്തിനായി സൂപ്പർ കപ്പിലും കളത്തിലിറങ്ങുക. 24 പേരുടെ സ്ക്വാഡിൽ 10 മലയാളി താരങ്ങളുണ്ട്.

************************

## ഫുട്ബോൾ ക്യാമ്പ് :മന്ത്രി വി ശിവൻകുട്ടി

വിദ്യാർത്ഥികളിൽ ലഹരി വിരുദ്ധ മനോഭാവവും, ശാരീരിക മാനസിക ആരോഗ്യവും വർധിപ്പിക്കുക ലക്ഷ്യമിട്ട് പൊതു വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന ഫുട്ബോൾ പരിശീലന ക്യാമ്പുകൾക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. തൈക്കാട് ഗവ.മോഡൽ ബോയ്സ് എച്ച്. എസ്.എസിൽ മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. 'ലഹരി മുക്ത നവകേരളം' പദ്ധതിയുടെ ഭാഗമായി കൊമ്പൻസ് സ്പോർട്സ് ഫൗണ്ടേഷനുമായി ചേർന്ന് ജില്ലയിലെ 10 വിദ്യാലയങ്ങളിലാണ് ക്യാമ്പ് നടത്തുന്നത്.

RNU TVPM

************************

## വിനോദ സഞ്ചാര കേന്ദ്രം-ഇടുക്കി (ഇൻട്രോ)

വേനലവധിക്കാലത്ത് ഇടുക്കിയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് സന്ദർശകരുടെ ഒഴുക്ക്. രണ്ട് ലക്ഷത്തിലധികം സഞ്ചാരികളാണ് കഴിഞ്ഞ രണ്ടാഴ്ചക്കിടെ ഇടുക്കിയിലെത്തിയത്. തിരക്ക് കണക്കിലെടുത്ത് പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ഡി.ടി.പി.സിയുടെയും പോലീസിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ പ്രത്യേക ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

(വോയിസ്)

*************************

## ഓഹരി - സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 979 പോയിൻറ് ഉയർന്ന് 79,532 ലും, ദേശീയ സൂചിക നിഫ്റ്റി 313 പോയിൻറ് നേട്ടത്തോടെ 24,164 ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ വൻ കുതിപ്പ്. ഗ്രാമിന് 70 രൂപ വർദ്ധിച്ച് 9,015 രൂപയും, പവന് 72,120 രൂപയുമാണ് ഇന്നത്തെ വില.

***************************************************************************

*************************

RNU TVPM